# കേരളസർവകലാശാല

നം.പി.ആർ.265/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ.ഇക്കണോമിക്സ് (വിദൂരവിദ്യാഭ്യാസം – റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതാത് കേന്ദ്രത്തിൽ വച്ച് ഡിസംബർ 15 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ജിയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ അതാത് പരീക്ഷാകേന്ദ്രത്തിൽ വച്ച് ഡിസംബർ 16 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്സി. (സി.ബി.സി.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി ഡിസംബർ 15 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.II (രണ്ട്) ഹാജരാകേണ്ടതാണ്.

### ഗ്രേസ് മാർക്ക് – തീയതി നീട്ടി

കേരളസർവകലാശാല 2018 – 2021 അദ്ധ്യയന വർഷത്തിലെ സി.ബി.സി.എസ്.എസ്./കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. (എഫ്.ഡി.പി.) ബിരുദ വിദ്യാർത്ഥികളിൽ ഗ്രേസ് മാർക്കിന് അർഹരായവർ (എൻ.എസ്.എസ്., എൻ.സി.സി., ആർട്സ്, സ്പോർട്സ് മുതലായവ) ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ കോളേജ് തലത്തിലും ഗ്രേസ് മാർക്ക് ശുപാർശ ചെയ്യേണ്ട അതാത് വിഭാഗങ്ങളുടെ ഓഫീസിൽ നിന്നുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സർവകലാശാല പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡിസംബർ 31 വരെ നീട്ടിയിരിക്കുന്നു.

### പി.ജി. ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് – തീയതി നീട്ടി

കേരളസർവകലാശാലയുടെ കീഴിലുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ 2023 ഫെബ്രുവരി 1 ന് ആരംഭിക്കുന്ന പി.ജി. ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് കോഴ്സിലേക്ക് (റെഗുലർ), അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 26 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾക്കും അപേക്ഷാഫോമും വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ:0471–2308421/9495700985.

## പി.ജി. ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് – അപേക്ഷ ക്ഷണിക്കുന്നു.

കേരളസർവകലാശാലയുടെ ബയോടെക്നോളജി വകുപ്പിനു കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ മോളിക്യുലർ ഡയ ഗ്നോസ്റ്റിക്സ് 2023 അഡ്മിഷനു വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. യാഗ്യത: അപ്ലൈഡ് സയൻസസ് അല്ലെങ്കിൽ ലൈഫ് സയൻസസിൽ ഒന്നാം ക്ലാസ്സ് ബിരുദാനന്തര ബിരുദം, എം.എൽ.റ്റി. അല്ലെങ്കിൽ അപ്ലൈഡ് സയൻസസിൽ എം.ടെക്. അല്ലെങ്കിൽ നഴ്സിംഗ് ഉൾപ്പെടെയുള്ള ലൈഫ് സയൻസസിലെ മറ്റേതെങ്കിലും വിഷയങ്ങൾ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡിസംബർ 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 9495819218

തിരുവനന്തപുരം,
14.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**